**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 442** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷയ്ക്ക് ഹബ്ബ് ആന്റ് സ്റ്റോക്ക് മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് കാർഷിക വൃത്തി ആദായകരമാക്കേണ്ടതുകൊണ്ട് ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾക്ക് ഹബ്ബ് ആന്റ് സ്റ്റോക്ക് മാതൃക പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് കാർഷിക വൃത്തി ആദായകരമാക്കേണ്ടതുകൊണ്ട് ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾക്ക് 'ഹബ്ബ് ആന്റ് സ്പോക്ക്' മാതൃക പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. പതിന്നാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളാ സർക്കാർ സ്വീകരിക്കുന്ന പുതിയ സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. ഇത് പ്രകാരം ഒരു കർഷകന്റെ കൃഷിയിടം കൃഷി വിദഗ്ദ്ധർ സന്ദർശിക്കുകയും ആ ഭൂഭാഗത്തിന്റെ ഉത്പാദന ശേഷിക്കും കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾക്കും അനുസൃതമായി ഒരു ഉത്പാദന പ്ലാൻ തയ്യാറാക്കുകയും ചെയ്യും. കൃഷിയിടത്തിൽ നിന്നും സാധ്യമായ എല്ലാ ഉത്പാദനവും കണക്കിലെടുത്തായിരിക്കും ടി ഉൽപാദന പ്ലാൻ തയ്യാറാക്കുക .<br><br>കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷ്യ വസ്തുക്കൾ ശേഖരിച്ച് ഒരു കേന്ദ്രത്തിലേക്ക് എത്തിക്കുകയും അവിടെ നിന്ന് വിപണി ആവശ്യകതയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും ചെയ്താൽ ചെറുകിട ഉൽപ്പാദകർക്ക് ആദായകരമായ വില ലഭ്യമാകും. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കൃഷി ഭവനുകൾ അടിസ്ഥാനപ്പെടുത്തി ഉൽപ്പന്ന ശേഖരണത്തിനും കേന്ദ്രീകരണത്തിനും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലാകെ ഇത്തരത്തിലുള്ള 1076 കേന്ദ്രീകരണ (Aggregation) സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. വിവിധ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി സേവനമേഖലയിൽ |

| | | | |
|---|---|---|---|
| | | | കൃഷിക്കൂട്ടങ്ങൾ സൃഷ്ടിച്ച് ഇത്തരം ശേഖരണ - കേന്ദ്രീകരണ സംവിധാനങ്ങളിൽ പങ്കാളികളാകാം. വളരെ ചെറിയ അളവിലുള്ള ഉല്പാദനമാണെങ്കിൽ പോലും അവ ശേഖരിച്ച് ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ വിപണനം ചെയ്യുവാൻ സാധിക്കും. ഇത് ഒരു സ്ഥിരം സംവിധാനമാകുമ്പോൾ മട്ടുപ്പാവിലും മറ്റും കൃഷി ചെയ്യുന്ന വീട്ടമ്മമാർക്കുപോലും തങ്ങളുടെ ഉൽപ്പന്നം വിപണിയിൽ എത്തിക്കാൻ സാധിക്കും.<br><br>ഈ കാർഷികോല്പന്ന ശേഖരണ കേന്ദ്രീകരണ സംവിധാനം കൃഷിഭവൻ തലത്തിലായിരിക്കും നടത്തുന്നത്. ഇവയെ ഒരു ബ്ലോക്ക്തലത്തിലോ, 2-3 ബ്ലോക്കുകൾ ചേർന്നോ ഉള്ള ഒരു വലിയ സംഭരണ വിപണന കേന്ദ്രത്തിലേക്ക് സംയോജിപ്പിക്കുകയും ചെയ്യും.<br><br>ഹബ്ബിലേയ്ക്ക് കാർഷികോല്പന്നങ്ങൾ എത്തിക്കുന്ന കർഷകർക്ക് / കൂട്ടായ്മകൾക്ക്/ ഏജൻസികൾക്ക് തന്നെ അസംഘടിത മേഖലയിലുള്ള ഉൽപ്പാദകർക്ക് ഉൽപ്പാദനോപാധികളും, കാർഷിക വിജ്ഞാനവും, അതോടൊപ്പം ഉൽപ്പന്ന ആവശ്യകതയും തിരികെ എത്തിക്കാൻ സാധിക്കും. മാത്രമല്ല, ഇത്തരം ഉൽപ്പാദനം നടത്തുന്നതിനാവശ്യമായ ഉൽപ്പാദനോപാധികളും സാങ്കേതിക വിദ്യയും അവരവരുടെ കൃഷിയിടത്തിൽ തന്നെ ലഭ്യമാകുകയും ചെയ്യും.<br><br>ബ്ലോക്കുതല ഹബ്ബുകളെ കേരളത്തിലെ കാർഷിക മൊത്ത വ്യാപാര വിപണികളുമായും സംയോജിപ്പിക്കുന്നതാണ്. കർഷകർ മുതൽ മൊത്ത വ്യാപാര വിപണികൾ വരെ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് വസ്തുതാവിശകലനം നടത്തി വിപണി വിവരവും കർഷകർക്കും ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതുമാണ്. |
| (ബി) | മികച്ച ഗുണനിലവാരം ഉറപ്പാക്കി വിശ്വാസ്യതയോടെ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകുന്ന തരത്തിൽ പ്രീമിയം വിപണന ശൃംഖല സ്ഥാപിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഹബ്ബിൽ നിന്നും ലഭ്യമാകുന്ന ഉൽപ്പന്നങ്ങളെ വിവിധ ഇക്കോഷോപ്പുകളിലേക്കും മറ്റ് വിപണികളിലേക്കും എത്തിക്കാവുന്നതാണ്. ഇവ കേരളത്തിലെ തദ്ദേശീയ ഉൽപ്പന്നങ്ങളാകയാൽ "കേരള ഫാം ഫ്രഷ്" എന്ന ബ്രാൻഡ് നാമത്തിൽ ഒരു 'മൊബൈൽ ആപ്പ്" വഴി നൂതന ഉല്പന്നങ്ങളായി ബ്രാൻഡ് ചെയ്ത് ഉപഭോക്താക്കൾക്ക് വാങ്ങുന്നതിനായി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കർഷക ഉൽപാദക സംഘങ്ങൾക്ക് ഇവ ശേഖരിച്ച് പ്രീമിയം ഔട്ട് ലെറ്റുകൾ വഴി വിൽക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മൂന്ന് വർഷത്തിൽ കുറയാതെ കാർഷിക വിപണന രംഗത്ത് കാര്യക്ഷമത തെളിയിച്ച സന്നദ്ധ സംഘടനകൾക്കും പ്രീമിയം ഔട്ട് ലെറ്റുകൾ നടത്തുന്നതിന് സർക്കാരിൽ നിന്നും ധനസഹായം ലഭിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി ഏറ്റെടുത്ത് നടത്താം.<br><br>ഇത്തരത്തിൽ പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നവർക്ക് 5 ലക്ഷം രൂപ 50% എന്ന തോതിൽ ധനസഹായം ലഭിക്കും. ഒരു ഏജൻസിക്ക് പരമാവധി 2 യൂണിറ്റുകൾ വരെ ഇത്തരത്തിൽ ലഭിക്കും. ഇത്തരത്തിൽ 60 യൂണിറ്റുകൾ കേരളമൊട്ടാകെ ഈ സാമ്പത്തികവർഷം സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. |
| (സി) | ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായി പഴങ്ങൾക്കും പച്ചക്കറികൾക്കുമായി കേന്ദ്രീകൃത വിപണി വിവര സംവിധാനം വികസിപ്പിച്ചെടുത്തുകൊണ്ട് വിപണനം കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. കർഷകരേയും ശേഖരണ-കേന്ദ്രീകൃത സംവിധാനങ്ങളേയും, ഹബ്ബ്കളേയും, മൊത്ത വ്യാപാര വിപണികളേയും, ഉപഭോക്താക്കളേയും "കേരള അഗ്രി നെറ്റ്" എന്ന സംവിധാനത്തിലൂടെ ബന്ധിപ്പിക്കുകയും ഉൽപ്പന്നലഭ്യത, വിപണിയുടെ ആവശ്യകത എന്നിവ ഈ സംവിധാനത്തിലൂടെ കാര്യക്ഷമമായി വിലയിരുത്തുകയും ചെയ്യും. ഇത്തരത്തിൽ വിവിധ വിപണികളേയും ഉല്പാദകരേയും ഉപഭോക്താക്കളേയും ബന്ധിപ്പിക്കുന്നതിനാൽ ഏത് വിപണിയിലാണ് ആവശ്യമെന്നും, അവിടുത്തെ വില എന്തെന്നും തൽസമയം അറിയാൻ സാധിക്കും. അതിനാൽ ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ കർഷകർക്ക് അറിയിപ്പ് നൽകുന്നതുവഴി അന്നന്നുള്ള വിപണി വിവരങ്ങൾക്ക് പുറമെ ഇനി വരാനിരിക്കുന്ന കാലയളവിലെ ഉൽപ്പാദനം, ആവശ്യകത, വില എന്നിവകൂടി പ്രവചിക്കാനും സാധിക്കും.<br><br>ഈ വിപണി വിവരസംവിധാനം സ്മാർട്ട് ഫോണുകളിൽ കർഷകർക്ക് മൊബൈൽ ആപ്പിന്റെ സഹായത്തോടെയും, ഇവ അപ്രാപ്യമായ കർഷകർക്ക് എസ്.എം.എസ് മുഖേനയും, മുൻനിര കാർഷികവിജ്ഞാന വ്യാപന പ്രവർത്തകർ മുഖേനയും ലഭ്യമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പടിപടിയായി ഏത് വിള, എത്ര അളവിൽ, എവിടെ, എങ്ങനെ കൃഷി ചെയ്യണമെന്നുള്ള ഇന്റലിജൻസ് സംവിധാനം നിലവിൽ വരുത്തുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ